File No.SJD/953/2020-C1

<u>സാമൂഹ്യനീതി ഡയറക്ടറുടെ നടപടി ക്രമങ്ങൾ</u>

(ഹാജർ: എം. അഞ്ജന IAS )

ഉത്തരവ് നം.SJD/953/2020-C1

തിരുവനന്തപുരം,

തീയതി. 18/03/2022

---

വിഷയം. സാമൂഹ്യനീതി വകുപ്പ് - പ്രൊബേഷൻ & ആഫ്റ്റർ കെയർ സർവ്വീസസ് -തടവുശിക്ഷ അനുഭവിക്കുന്നവരുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം- 2021-22- ജില്ലാ പ്രൊബേഷൻ ഓഫീസ് കണ്ണൂർ, കാസർഗോഡ് - തുക അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം. 1. സ.ഉ(സാധാ) നം. 537/2021/സാ.നീ.വ തീയതി 06/08/2021 -
2.കണ്ണൂർ ജില്ലാ പ്രൊബേഷൻ ഓഫീസറുടെ 10/02/2022 തീയതിയിലെ DPO/KNR/58/2022 നം. കത്ത്.

3.കാസർഗോഡ് ജില്ലാ പ്രൊബേഷൻ ഓഫീസറുടെ 07/03/2022 തീയതിയിലെ DPO/KSD/134/2021 നം. കത്ത്.

വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പ്രൊബേഷൻ സേവനങ്ങളുടെ ഭാഗമായി വിവിധ ക്ഷേമ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ആയതിന്റെ ഭാഗമായി രണ്ട് വർഷമോ അതിലധികമോ ആയി ജയിലിൽ ശിക്ഷ അനുഭവിച്ചുവരുന്ന തടവുകാരുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം അനുവദിക്കുന്ന പദ്ധതി നടപ്പ് വർഷം തുടരുന്നതിന് അനുമതി നൽകിയും ഒരു പെൺകുട്ടിയ്ക്ക് പരമാവധി 30000/- രൂപാ നിരക്കിൽ 20 പേർക്ക് 6,00,000/- രൂപാ (ആറു ലക്ഷം രൂപാ മാത്രം) അനുവദിച്ചും പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

പ്രസ്തുത സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അപേക്ഷ ക്ഷണിച്ചതിൻ പ്രകാരം 2021-22 സാമ്പത്തിക വർഷത്തിൽ കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലാ പ്രൊബേഷൻ ഓഫീസുകളിൽ ലഭിച്ച ഓരോ അപേക്ഷകൾ പരാമർശം (2, 3) പ്രകാരം അന്വേഷണ റിപ്പോർട്ട് സഹിതം ഈ കാര്യാലയത്തിൽ ലഭ്യമാക്കിയിട്ടുണ്ട്. കണ്ണൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിൽ ജീവപര്യന്തം തടവുശിക്ഷ അനുഭവിക്കുന്ന C.No.511/18 ബാബുവിന്റെ മകൾ ആർഷ ബാബു.പി യുടെയും, C.No.858/19 രവീന്ദ്രൻ വി.എസ്സിന്റെ മകൾ വർഷയുടെയും വിവാഹ ധനസഹായ അപേക്ഷകൾ കണ്ണൂർ, കാസർഗോഡ് ജില്ലാ പ്രൊബേഷൻ ഓഫീസർമാർ ശുപാർശ ചെയ്തിട്ടുണ്ട്. ടി അപേക്ഷകൾ പരിശോധിച്ചതിൽ പദ്ധതി മാനദണ്ഡങ്ങൾ പാലിച്ചിട്ടുള്ളതായി കാണുന്നു. ആയതിനാൽ പ്രസ്തുത വിവാഹധനസഹായം അനുവദിക്കാവുന്നതാണ്.

മേൽ സാഹചര്യത്തിൽ കണ്ണൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ

File No.SJD/953/2020-C1

ഹോമിൽ ജീവപര്യന്തം തടവുശിക്ഷ അനുഭവിക്കുന്ന C.No.511/18 ബാബുവിന്റെ മകൾ ആർഷ ബാബു.പി യുടെയും C.No.858/19 രവീന്ദ്രൻ വി.എസി ന്റെ മകൾ വർഷയുടേയും വിവാഹ ധനസഹായമായി 30000/-രൂപ വീതം **ആകെ 60,000/- രൂപ(അറുപതിനായിരം രൂപ മാത്രം)** അനുവദിച്ച ഉത്തരവാകുന്നു . മേൽ തുകയായ **60,000/- രൂപ** ഈ കാര്യാലയത്തിൽ നിന്നും ചുവടെ കൊടുത്തിരിക്കുന്ന പട്ടികയിൽ ചേർത്തിട്ടുള്ള ബാങ്ക് അക്കൌണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തു നൽകേണ്ടതാണ്.

| SL No. | Name of Beneficiary | Name of Bank | IFSC Code & Branch | A/C No. | Amount |
|---|---|---|---|---|---|
| 1. | Arsha Babu.P | Kerala Gramin Bank | KLGB0040480 | 40480100003930 | 30000/- |
| 2 | Varsha | Kerala Gramin Bank, Bandadukka | KLGB0040420 | 40420101028915 | 30000 |
| **TOTAL** | | | | | **60,000/-** |

**ആകെ രൂപ 60000/- മാത്രം**

ഇതിലേക്കാവശ്യമായ തുക നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-106-93(P) ശീർഷകത്തിൽ നിന്നും വിനിയോഗിക്കേണ്ടതാണ്. ബന്ധപ്പെട്ട ജില്ലാ പ്രൊബേഷൻ ഓഫീസർമാർ ഗുണഭോക്താക്കളിൽ നിന്നും കൈപ്പറ്റ് രസീത് വാങ്ങി സാമൂഹ്യനീതി ഡയറക്ടറേറ്റിൽ സമർപ്പിക്കേണ്ടതാണ്.

M. ANJANA IAS
സാമൂഹ്യനീതി ഡയറക്ടർ

സബ് ട്രെഷറി ഓഫിസർ, വികാസ് ഭവൻ

പകർപ്പ് :

1. ജില്ലാ പ്രൊബേഷൻ ഓഫീസർ കണ്ണൂർ, കാസർഗോഡ്
2. സൂപ്രണ്ട്, സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം,കണ്ണൂർ
3. സൂപ്രണ്ട്,എ/ബി പ്ലാനിംഗ് സെക്ഷൻ
4. സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം